# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3520 | 17.12.2015 -ൽ മറുപടിക്ക്

## ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം വഴി നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.യു. കുരുവിള | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) പി.എസ്.സി. യി ലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് അസിസ്റ്റന്റ് കാറ്റഗറിയിലേയ്ക്കു തസ്തികമാറ്റം വഴി, ആദ്യം 2% വും പിന്നീട് 4% വും നിയമനം നൽകുന്ന ഉത്തരവ് പ്രകാരം, 2006 ജനുവരി മുതൽ ഇന്നു വരെ നിയമനം നടത്തിയിട്ടുള്ളത് എപ്രകാരമാണെന്ന വിവരം ലഭ്യമാക്കുമോ;<br>(ബി) 2006 മുതൽ 2011 ജനുവരി വരെ ടേൺ നിശ്ചയിച്ച് ശതമാനക്കണക്കിൽ നൽകിവരുന്ന പ്രസ്തുത പ്രൊമോഷൻ ഉത്തരവിൽ പറയാത്ത കേഡർ സ്ട്രംങ്ത്തിലേയ്ക്ക് മാറ്റാനുണ്ടായ കാരണം വ്യക്തമാക്കുമോ; | (എ) & (ബി) 25.01.2006 ലെ G.O(Ms)No. 31/06/GAD പ്രകാരം അസിസ്റ്റന്റ് തസ്തികയുടെ കേഡർ സ്ട്രെങ്ത്തിന്റെ 2% ഒഴിവുകളാണ് തസ്തികമാറ്റം വഴിയുള്ള ജീവനക്കാർക്ക് നൽകിയിരുന്നത്. നൂറ് ഒഴിവ് വരുമ്പോൾ പതിനൊന്നാമത്തെയും അറുപത്തി ഒന്നാമത്തെയും ഒഴിവുകൾ ഈ വിഭാഗത്തിനായി മാറ്റി വച്ചിരുന്നു. കേഡർ സ്ട്രെങ്ത്തിന്റെ 2% കഴിയാതിരുന്നതിനാൽ ഈ രീതിയിൽ തസ്തികമാറ്റം നൽകി വന്നിരുന്നു. എന്നാൽ 2010 ൽ തസ്തികമാറ്റം വഴിയുള്ള നിയമനം 4%ആക്കി ഉയർത്തി. തുടർന്ന് 227 അസിസ്റ്റന്റ് കേഡർ സ്ട്രെഗ്ത്തിന്റെ 4% ആയ 9 പേർക്ക് തസ്തികമാറ്റം വഴി നിയമനം നൽകി quota പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) പി.എസ്.സി യിൽ തസ്തികമാറ്റം വഴി താഴ്ന്ന വിഭാഗം ജീവനക്കാർക്ക് അവസാനമായി നിയമനം നൽകിയ തീയതി, അതിന് ശേഷം എത്ര അസിസ്റ്റന്റ് ഒഴിവുകൾ വന്നിട്ടുണ്ട് എന്നും വ്യക്തമാക്കുമോ; | (സി) 19.02.2013. പ്രസ്തുത നിയമനത്തിന് ശേഷം പി.എസ്.സിയിൽ അസിസ്റ്റന്റ് തസ്തികയിൽ 100 ഒഴിവുകൾ നിലവിൽ വന്നിരുന്നു. |
| (ഡി) അട്ടിമറിക്കപ്പെട്ട പ്രസ്തുത പ്രൊമോഷൻ പുന:പരിശോധിച്ച് നില-വിലെ ഉത്തരവ് പ്രകാരം പുന:സ്ഥാപിക്കുമോ; പ്രസ്തുത ഉത്തരവ് അട്ടിമറിച്ചവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ; | (ഡി) അതാത് കാലത്തെ സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി തസ്തികമാറ്റം വഴി നിയമനം നൽകിയിട്ടുണ്ട്. |
| (ഇ) ആയത് സംബന്ധിച്ച ഫയലിലെ കുറിപ്പ് പേജുകളുടെ കോപ്പി ലഭ്യമാക്കുമോ? | (ഇ) ബാധകമല്ല. |

സെക്ഷൻ ഓഫീസർ